പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 167 | 12-02-2013 -ൽ മറുപടിക്ക്.

## ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മദ്യത്തിന്റെ ഗുണ നിലവാരവും വിലയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി:<br>" പുരുഷൻ കടലുണ്ടി:<br>ശ്രീമതി കെ. എസ്. സലീഖ:<br>ശ്രീ. സി. കെ. സദാശിവൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മദ്യത്തിന്റെ വീര്യം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ബിവറേജസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മദ്യത്തിന്റെ വീര്യം കുറയ്ക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) നിലവിൽ വിതരണം ചെയ്യുന്ന മദ്യങ്ങളുടെ വീര്യം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഫോറിൻ ലിക്വർ റൂൾ 2-ഉം, 3-ഉം പ്രകാരം അനുവദനീയമായ വീര്യമുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും വൈനും മാത്രമാണ് ബിവറേജസ് കോർപ്പറേഷൻ, മദ്യ കമ്പനികളിൽ നിന്നും വാങ്ങി, വിതരണം ചെയ്യുന്നത്. ഫോറിൻ ലിക്വർ റൂൾ 2-ന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ നിർമ്മിക്കുന്ന വിദേശമദ്യം കേരളത്തിൽ വില്പന നടത്തണമെങ്കിൽ, ജിന്നിന്റെ വീര്യം 35° UP (Under Proof) -യും, മറ്റുള്ള മദ്യങ്ങളുടെ വീര്യം 25° UP-യും, ആയിരിക്കണം. ഫോറിൻ ലിക്വർ റൂൾ 3 പ്രകാരം കേരളത്തിൽ വില്പന നടത്തുന്ന ബിയറിൽ അനുവദനീയമായ പരമാവധി വീര്യം 6% v/v -ഉം, വൈനിന്റെ വീര്യം 8% v/v മുതൽ 15.5% v/v വരെയും ആണ്. |
| (സി) ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ ഗുണനിലവാരവും വിലയും നിർണ്ണയിക്കുന്നതിനുള്ള സംവിധാനം എന്താണ്; ഇവ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; | (സി) മദ്യം വാങ്ങുവാൻ വേണ്ടി മദ്യകമ്പനികൾക്ക് നല്കുന്ന റേറ്റ് കോൺട്രാക്ടിലെ 12-ാമത്തെ വകുപ്പ് പ്രകാരം, മദ്യകമ്പനികൾ കോർപ്പറേഷന് വിതരണം ചെയ്യുന്ന മദ്യത്തിനൊപ്പം, അതാത് സംസ്ഥാന സർക്കാരിന്റെ അംഗീകൃത ലാബിൽ രാസപരിശോധന നടത്തിയെന്നുള്ള, അതാത് സംസ്ഥാന ചീഫ് കെമിക്കൽ എക്സാമിനറുടെ രാസപരിശോധന റിപ്പോർട്ട് നല്കണം.<br>ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നിർമ്മാണത്തിനായി എക്സ്ട്രാ ന്യൂട്രൽ ആൽക്ക |

ഹോളാണ് ഉപയോഗിച്ചതെന്ന് ഡിസ്റ്റിലറിയുടേയോ, ബ്ലെന്റിംഗ് യൂണിറ്റിന്റേയോ, ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം, അതാത് ഡിസ്റ്റിലറിയുമായി ബന്ധപ്പെട്ട എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥന്റെ മേലൊപ്പോടുകൂടിയത്, ഓരോ ലോഡ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിനൊപ്പം നല്കേണ്ടതാണ്.

ബിയറിന്റെ കാര്യത്തിൽ, കെമിക്കൽ എക്സാമിനേഷൻ സർട്ടിഫിക്കറ്റ് നല്കേണ്ടത്, ബ്രൂവെറികളുടെ അധികാരപ്പെട്ട കെമിസ്റ്റോ / ബ്രൂമാസ്റ്ററോ ആകുന്നു. ഇത് ബ്രൂവെറികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ പ്രസ്താവിച്ച തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ കൂടാതെ വരുന്ന മദ്യത്തിന്റെ ലോഡുകൾ ബിവറേജസ് കോർപ്പറേഷൻ മുഖേന വില്പന നടത്താറില്ല. അത്തരം സർട്ടിഫിക്കറ്റുകളുടെ അഭാവമുള്ള മദ്യം, അബ്കാരി നിയമത്തിൽ അനുശാസിക്കുന്ന തരത്തിൽ നശിപ്പിക്കുകയും, അതിനാവശ്യമായി വരുന്ന തുക അതാത് മദ്യകമ്പനികളിൽ നിന്നും ഈടാക്കുകയുമാണ് ചെയ്യുന്നത്.

മേൽ വിവരിച്ച ഗുണനിലവാര പരിശോധനകൾക്ക് പുറമേ, മറ്റൊരു മുൻകരുതൽ നടപടിയെന്ന തരത്തിൽ, ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ.9 വെയർഹൗസുകളിൽ നിന്നും, എഫ്.എൽ.1 ചില്ലറ വില്പനശാലകളിൽ നിന്നും കുപ്പികൾ (**random basis**) കെമിക്കൽ പരിശോധനയ്ക്കായി, സ്റ്റേറ്റ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലേയ്ക്ക് നല്കി പരിശോധന നടത്താറുമുണ്ട്. **KSBC** എല്ലാവർഷവും ഇന്ത്യയൊട്ടാകെ പരസ്യം നൽകി മദ്യ ഉല്പാദകരിൽ നിന്നും, മദ്യത്തിന്റെ വിലവിവരം വാങ്ങി, കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി, റേറ്റ് കോൺട്രാക്ടിനുള്ള പർച്ചേയ്സ് വില നിശ്ചയിക്കുകയും, അതിന്റെയടിസ്ഥാനത്തിൽ, ഉല്പാദനകർക്ക് റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ വിദേശമദ്യവും ബിയറും വാങ്ങുന്നതിനുള്ള കോൺട്രാക്ട് ഓരോ വർഷവും നൽകുകയുമാണ് ചെയ്തു വരുന്നത്. മദ്യോല്പാദകർ ക്വാട്ട് ചെയ്യുന്ന വിലയും, മദ്യോല്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റേയും അനുബന്ധ വസ്തുക്കളുടേയും മറ്റു ബന്ധപ്പെട്ട ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് റേറ്റ് കോൺട്രാക്ടിലെ പർച്ചേസ് വില നിശ്ചയിക്കുന്നത്.

(ഡി) ഏറ്റവും അവസാനമായി മദ്യോല്പാദന കമ്പനികൾക്ക് വിലയിൽ എത്ര ശതമാനം വർദ്ധന നൽകുകയുണ്ടായി; കഴിഞ്ഞ രണ്ടു വർഷം കൂടുതൽ മദ്യം വിതരണം ചെയ്ത കമ്പനികൾ ഏതൊക്കെയാണ്; വില കൂട്ടി നൽകിയതു വഴി ഇവർക്കുണ്ടായ അധികനേട്ടം എത്രയാണെന്നു വിശദമാക്കുമോ;

(ഡി) 2012-13 സാമ്പത്തിക വർഷത്തിലാണ് റേറ്റ് കോൺട്രാക്ടിലെ പർച്ചേസ് വില അവസാനമായി കൂട്ടിയത്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും വൈനിന്റെയും നിലവിലുള്ള ബ്രാന്റുകളുടെ വില 2011-12 വർഷം വാങ്ങിയ വിലയുടെ 6% ഉയർത്തിയതോ, 2012-13 വർഷത്തേക്ക് ക്വാട്ട് ചെയ്ത വിലയോ ഏതാണോ കുറവ് അത് നല്കുവാൻ തീരുമാനമായി. എന്നാൽ, പുതിയ ബ്രാന്റുകളുടെ വില, 2012-13 വർഷത്തിലേക്ക് കമ്പനികൾ ക്വാട്ട് ചെയ്ത വിലയുടെ 5% കുറച്ചു നല്കുവാനാണ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ്, 27-07-2012 ൽ കൂടിയ 194-ാമത് യോഗത്തിലെ 2550-ാം നമ്പർ ഇനമായി തീരുമാനിച്ചത്. 01-08-2012 മുതലാണ് പുതുക്കിയ വില നിലവിൽ വന്നത്.

കോർപ്പറേഷൻ വാങ്ങുന്ന/വിതരണം ചെയ്യുന്ന മദ്യത്തിന്റെ 87% -വും വിതരണം നടത്തുന്ന 20 ഇന്ത്യൻ നിർമ്മിത വിദേശമദ്യ വിതരണക്കാർക്ക്, 01-08-2012 മുതൽ 31-03-2013 വരെയുള്ള ആറു മാസങ്ങളിൽ 27.61 കോടി രൂപ വർദ്ധിപ്പിച്ചതുമൂലം അധിക തുകയായി ലഭിച്ചു. ഈ വില വർദ്ധനവ് മൂലം, ഈ കാലയളവിൽ, സർക്കാരിന് നികുതി, തീരുവ ഇനങ്ങളിൽ 152 കോടി രൂപയുടെ അധിക വരുമാനം ലഭിച്ചു.

(ഇ) ഏതു തലത്തിലാണ് വില വർദ്ധിപ്പിക്കാൻ അന്തിമമായി തീരുമാനമെടുത്തത്?

(ഇ) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും റേറ്റ് കോൺട്രാക്ടിലെ പർച്ചേസ് വില തീരുമാനിക്കുന്നത്, ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ്.

സെക്ഷൻ ഓഫീസർ